LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക ഫിക്സേഷൻ

71 (2980) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ അദ്ധ്യാപക ഫിക്സേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിൽ എത്ര അദ്ധ്യാപകരാണ് സംസ്ഥാനത്ത് അധികമായിട്ടുള്ളത് ; സർക്കാർ/സഹകാര്യമേഖലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത അദ്ധ്യാപകരെ നിലവിൽ എങ്ങനെ ക്രമീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടില്ലാത്ത എല്ലാ സ്കൂളുകളിലും 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് സ്കൂളുകളിൽ 1920 അദ്ധ്യാപകരും എയ്ഡഡ് സ്കൂളുകളിൽ 6957 അദ്ധ്യാപകരും അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) 2010-11 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം നിലവിലുള്ള റെഗുലർ അദ്ധ്യാപകരിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോക്കണലായി കുറച്ചും അദ്ധ്യാപക ബാങ്ക് മുഖേനയും സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച മാർഗ്ഗരേഖകൾ രൂപീകരിച്ചുവരുന്നു.

പോങ്ങനാട് സർക്കാർ ഹൈസ്കൂൾ

72 (2981) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) RMSA പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി ഉയർത്തിയ പോങ്ങനാട് സർക്കാർ യു.പി. സ്കൂൾ സ്ഥല പരിമിതി കാരണം ബുദ്ധിമുട്ടനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) RMSA പദ്ധതിപ്രകാരം കെട്ടിട നിർമ്മാണത്തിന് ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ് ; ഇതിന്റെ ഭാഗമായി എത്ര ക്ലാസ് മുറികൾ നിർമ്മിക്കും ; ഉണ്ടെങ്കിൽ എത്ര ; ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ് ;